(ഇ) റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നല്കുന്ന മുറയ്ക്ക് പണി പുനരാരംഭിക്കുവാൻ കഴിയും.

മനയ്ക്കൽ ചിറ പാലത്തിന്റെ താഴെയുള്ള തോട് ജലഗതാഗതത്തിന് തുറന്നു കൊടുക്കാൻ നടപടി

52(955) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിലെ മനയ്ക്കൽ ചിറ പാലത്തിന്റെ താഴെയുള്ള തോട് ജലഗതാഗതത്തിനായി തുറന്നുകൊടുക്കാതിരിക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണി പൂർത്തിയായതിനാൽ തോടിന്റെ ബണ്ട് മുറിച്ച് ജല നിർഗമനം സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പാലത്തിന്റെ പണി പൊതുമരാമത്ത് വകുപ്പാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. പാലം പണിയോടനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പധികൃതർ തോടിൽ ബണ്ട് നീക്കം ചെയ്തെങ്കിൽ മാത്രമേ ജലനിർഗമനം സുഗമമാകുകയുള്ളു.

കുമ്പഴ പാലത്തിന്റെ താഴെ ബണ്ട് നിർമ്മിക്കാൻ നടപടി

53(956) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പഴ പാലത്തിന്റെ താഴെഭാഗം കരയിടിയുന്നത് തടയാനായി ബണ്ട് നിർമ്മിക്കാനുള്ള നടപടി എന്നാണ് ആരംഭിച്ചത് ;

(ബി) ഇതിനുള്ള ടെൻഡർ എന്നാണ് ക്ഷണിച്ചത്. അതിൻപ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ടെൻഡർ ഉറപ്പിച്ചതിനുശേഷം കൂടുതൽ കര ഇടിഞ്ഞു പോയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പാലത്തിന് ഭീഷണിയാണോ ;

(ഇ) അച്ചൻകോവിലാർ കവിഞ്ഞൊഴുകുമ്പോൾ കൂടുതൽ കര ഇടിഞ്ഞ് പാലത്തിന് ഭീഷണിയാകാതിരിക്കാൻ ഈ ഭാഗം കെട്ടി സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഈ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെൻഡർ ക്ഷണിച്ചത് 25-04-1997-ൽ ആണ്. ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് നിരക്കിൽനിന്നും 49%

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലാണ് ടെൻഡർ സമർപ്പിച്ചിരുന്നത്. എന്നാൽ ടെൻഡർ കമ്മിറ്റി എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 45% മാത്രമേ കൂടുതലായി അംഗീകരിച്ചുള്ളൂ. ടെൻഡർ കമ്മിറ്റി അംഗീകരിച്ച റേറ്റിൽ പണി ചെയ്യാൻ സമ്മതം ആരാഞ്ഞുകൊണ്ടും ദർഘാസ് ഉറപ്പിക്കുന്നതിന് കാലാവധി നീട്ടിത്തരുന്നതിനുമായി കോൺട്രാക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഈ കാര്യം പരിശോധിക്കുന്നതാണ്.

(ഇ) പാലത്തിന് താഴെ ഇരുവശങ്ങളും സംരക്ഷിക്കുന്നതിനായി 115 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വെള്ളപ്പൊക്കം ഉണ്ടാകുന്ന നദികളുടെ സംരക്ഷണത്തിനായുള്ള കേന്ദ്രപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

പള്ളിച്ചൽ പഞ്ചായത്തിലെ പാലങ്ങളുടെ പണി

54(957) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ ചാത്തലമ്പാട്ട്കോണം, മുടവൂർപ്പാറ ഭാഗങ്ങളിൽ നെയ്യാർ ജലസേചന കനാലിന് കുറുകെ പാലങ്ങൾ നിർമ്മിക്കണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ ബന്ധപ്പെട്ട വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചനവകുപ്പ് നെയ്യാർ പ്രോജക്ടിൽ എത്ര പാലങ്ങളാണ് നിർമ്മിച്ചിട്ടുള്ളത്;

(ഡി) പള്ളിച്ചൽ പഞ്ചായത്തിലെ പ്രസ്തുത പാലങ്ങൾ ഈ സാമ്പത്തിക വർഷത്തിൽതന്നെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയേതര ഇനങ്ങളിൽപ്പെട്ട ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. നിരോധനം പിൻവലിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) 18 പാലങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഒരു പാലത്തിന്റെ പണി പുരോഗതിയിലാണ്.

(ഡി) നിരോധനം പിൻവലിക്കുന്ന മുറയ്ക്ക് ആവശ്യമുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly